"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

KSHB, ശാന്തിനഗർ, തിരുവനന്തപുരം-01.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ഇ.സലീമുദ്ദീൻ)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ. ബിജു.പി, ഓഫീസ് അറ്റൻഡന്റിന്റെ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.

**പരാമർശം:-** ശ്രീ. ബിജു.പി ഓഫീസ് അറ്റൻഡന്റിന്റെ 28/04/2015-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ എ3/7233/2014 തീയതി: 22/05/2015**

മലമ്പുഴ ഗവ.ഐ.ടി.ഐ യിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ബിജു.പി, തിരുവനന്തപുരം സ്വദേശിയാണെന്നും, ടിയാൻ പാലക്കാട് ജില്ലയിൽ അഞ്ചു വർഷം സേവനം പൂർത്തിയാക്കിയതിനാൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അർഹനാണെന്നും പരാമർശത്തിലെ അപേക്ഷ പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ധനുവച്ചപുരം ഗവ.ഐ.ടി.ഐ യിൽ ഒരു ഓഫീസ് അറ്റൻഡന്റിന്റെ തസ്തിക നിലവിലുണ്ട്. ആയതിനാൽ മലമ്പുഴ ഗവ.ഐ.ടി.ഐ യിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ബിജു.പി യെ ധനുവച്ചപുരം ഗവ. ഐ.ടി.ഐ യിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന ശ്രീ. ബിജു.പി യ്ക്ക് 16/12/2009 തീയതി പ്രാബല്യത്തിലെ സീനിയോറിറ്റി നഷ്ടപ്പെടുന്നതാണ്. ടിയാൾ തിരുവനന്തപുരം ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ മാത്രം സീനിയോറിറ്റി പുന:ക്രമീകരിക്കപ്പെടുന്നതാണ്.

**ഒപ്പ്**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**